File No.DDP-TSR/667/2023-R

തദ്ദേശ സ്വയംഭരണ വകുപ്പ്
തൃശ്ശൂർ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
സിവിൽ സ്റ്റേഷൻ , അയ്യന്തോൾ പി.ഒ, പിൻ– 680 003
ഫോൺ നമ്പർ : 0487 2360616
ഇ–മെയിൽ : jdlsgdtcr@gmail.com

നമ്പർ : **667/2023-R**

തീയ്യതി :10/03/2023

## ക്വട്ടേഷൻ പരസ്യം

തൃശ്ശൂർ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കുടിവെള്ള വിതരണത്തിനായി ഉപയോഗിക്കുന്ന ടാങ്കർ ലോറി/മറ്റു വാഹനങ്ങൾ എന്നിവയിൽ **GPS** ഘടിപ്പിച്ച് ജില്ലാതല റവന്യൂ അധികാരികൾ ഉൾപ്പെടെയുള്ളവർക്ക് കുടിവെള്ള വിതരണം നിരീക്ഷിക്കുന്നതിനുള്ള സംവിധാനം, **GPS** ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് പരിചയസമ്പന്നരായ അംഗീകൃത സ്ഥാപനങ്ങൾ, വ്യക്തികൾ, മറ്റ് സേവനദാതാക്കൾ എന്നിവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു . അംഗീകൃത സ്ഥാപനങ്ങൾക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. ഒരു വാഹനത്തിൽ **GPS** സംവിധാനം ഏർപ്പെടുത്തുന്നതിന് ഒരു മാസത്തേക്കുള്ള നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്. ഇതുമായി ബന്ധപ്പെട്ട് ഇളവുകൾ ഉണ്ടെങ്കിൽ ആയത് പ്രത്യേകമായി രേഖപ്പെടുത്തേണ്ടതാണ്. **GPS** ട്രാക്കിംഗ് സംവീധാനം ഘടിപ്പിക്കുന്നതിനും, **GPS** ഡിവൈസ് വിൽപ്പന നടത്തുന്നതിനുള്ള നിരക്കുകൾ ക്വട്ടേഷനിൽ പ്രത്യേകമായി രേഖപ്പെടുത്തേണ്ടതാണ്. ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ച് പ്രസ്തുത സ്ഥാപനത്തിന്റെ പേര് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതായിരിക്കും. ഈ സ്ഥാപനവുമായി നിയമാനുസരണമുള്ള കരാറിൽ ഏർപ്പെടുന്നതും **GPS** ഘടിപ്പിക്കുന്നതിന്റേയും **GPS** ഡിവൈസ് വിതരണം ചെയ്യുന്നതിന്റേയും തുക അനുവദിക്കുന്നതും, ഈ സംവിധാനം ഉപയോഗപ്പെടുത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായിരിക്കും. ഈ മേഖലയിലെ പരിചയ സമ്പന്നത സംബന്ധിച്ച രേഖകൾ ക്വട്ടേഷനോടൊപ്പം സമർപ്പിക്കാവുന്നതാണ്.

ക്വട്ടേഷൻ തൃശ്ശൂർ കളക്ടേറ്റിലുള്ള തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ **14.03.2023** ന് **3.p.m** നകം സമർപ്പിക്കേണ്ടതാണ്. ലഭ്യമാകുന്ന ക്വട്ടേഷനുകൾ തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ അന്നേ ദിവസം **4.p.m** ന് സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന്

File No.DDP-TSR/667/2023-R

പരിശോധിക്കുന്നതാണ്. ഈ ക്വട്ടേഷന് നിലവിലുള്ള സർക്കാർ ഉത്തരവുകളും വ്യവസ്ഥകളും ബാധകമായിരിക്കുന്നതാണ്. **14.03.2023** ന് അവധി ഉണ്ടായിരിക്കുന്ന പക്ഷം തുടർനടപടികൾ തൊട്ടടുത്ത പ്രവർത്തി ദിവസം നടത്തുന്നതായിരിക്കും. ക്വട്ടേഷൻ സംബന്ധിച്ച ഏതൊരു തീരുമാനവും കൈക്കൊള്ളുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

OFFICE OF THE JOINT DIRECTOR
Date............
LSGD THRISSUR

വിശ്വസ്തതയോടെ,
**ARUN RANGAN**
ജോയിന്റ് ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്
തൃശ്ശൂർ